## NATIONAL EMPLOYMENT SERVICE (KERALA)

# EMPLOYMENT INFORMATION BULLETIN

***MAY 2024***

**Published by**

**University Employment Information & Guidance Bureau,**
**Calicut University**
**Ph:0494 2405540**

**Chief**
**Dr.C.C.Harilal**
**professor,Department of Botony**

**Deputy Chief**
**Ammar.T**

| Sl.No | Contents | Page No. |
|---|---|---|
| 1 | NOTIFICATIONS | 3-6 |
| 2 | CAREER ARTICLES | 7-12 |
| 3 | IMPORTANT DAYS IN APRIL | 13-17 |

# കോഴിക്കോട് NIT യിൽ PG: അപേക്ഷ മേയ് 5 വരെ നൽകാം

NIT യിൽ 2024-25 വർഷത്തെ എംടെക്, എംപ്ലാൻ, എംഎസ്സി, എംബിഎ സെൽഫ് സ്പോൺസേഡ്, ഇൻഡസ്ട്രി സ്പോൺസേഡ് പിജി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വ്യവസായ സ്ഥാപനം, റിസർച് ലാബുകൾ എന്നിവിടങ്ങളിൽ 2 വർഷത്തെ പ്രവൃത്തിപരിചയമുള്ള വർക്കിങ് പ്രഫഷനലുകൾക്ക് ഇൻഡസ്ട്രി സ്പോൺസേഡ് പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം.
സെൽഫ് സ്പോൺസേഡ്, ഇൻഡസ്ട്രി സ്പോൺസേഡ് എംടെക്കിനു പ്രവേശനം നേടുന്നവർക്ക് ഒരു തരത്തിലുള്ള സാമ്പത്തിക സഹായവും സ്കോളർഷിപ്പും ലഭിക്കുകയില്ല.

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പി ജി പ്രവേശനം 2024: അപേക്ഷ മെയ് 20 വരെ

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല 2024-25 അധ്യയന വർഷത്തേക്കുള്ള പി ജി പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു.

**വിഷയങ്ങൾ**

1. എം.എ. ഭാഷാശാസ്ത്രം

2. എം.എ. മലയാളം (സാഹിത്യപഠനം)

3. എം.എ. മലയാളം (സാഹിത്യരചന)

4. എം.എ. മലയാളം (സംസ്കാരപൈതൃകം)

5. എം.എ. ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ്

6. എം.എ. പരിസ്ഥിതിപഠനം

7. എം.എസ്സി പരിസ്ഥിതിപഠനം

8. എം.എ. വികസനപഠനവും തദ്ദേശവികസനവും

9. എം.എ. ചരിത്രപഠനം

10. എം. എ. സോഷ്യോളജി

11. എം.എ. ചലച്ചിത്രപഠനം

12. എം.എ. താരതമ്യസാഹിത്യ- വിവർത്തനപഠനം

*_അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : 2024 മെയ് 20_*

കൂടുതൽ വിവരങ്ങൾക്ക്
http://malayalamuniversity.

## തിരുവനന്തപുരത്തുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിൽ അവസരം

ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവുകളി ലേക്ക് അപേക്ഷ ക്ഷണിച്ചു.ഓൺലൈനായി അപേക്ഷിക്കാം
കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക:https://www.rgcb.res.in/
അവസാന തിയ്യതി: മെയ് 15

## ഡൽഹി സർവകലാശാല (DU) പിജി റജിസ്ട്രേഷൻ മേയ് 25 വരെ

ഡൽഹി സർവകലാശാലയിലെ പിജി പ്രവേശനത്തിനുള്ള റജിസ്ട്രേഷൻ നടപടികൾ മേയ് 25 വരെ റജിസ്റ്റർ ചെയ്യാം. സിയുഇടി പിജിയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.ഇക്കുറി 82 കോഴ്സുകളിലേക്ക് അപേക്ഷിക്കാം. ബിടെക്, 5 വർഷ എൽഎൽബി എന്നിവയ്ക്കുള്ള റജിസ്ട്രേഷനും ഇതിനൊപ്പം അപേക്ഷിക്കാം. ജെഇഇ മെയിൻ പരീക്ഷ അടിസ്ഥാനമാക്കിയാണ് ബിടെക് പ്രവേശനം.ക്ലാറ്റ് സ്കോറാണ് ബിഎ എൽഎൽബി കോഴ്സിനു പരിഗണിക്കുക.
ഇപ്പോൾ രജിസ്റ്റർ ചെയ്യാം
https://pgadmission.uod.ac.

## SSLC പരീക്ഷാ ഫലം മെയ് 8 ന്, ഹയർസെക്കൻഡറി ഫലം മെയ് 9 ന്

എസ്എസ്എൽസി പരീക്ഷാ ഫലം മെയ് 8 ന് വൈകുന്നേരം 3 മണിക്ക് പ്രഖ്യാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. ഹയർസെക്കൻഡറി, വൊക്കേഷൻ ഹയർ സെക്കൻഡറി ഫലം

മെയ് 9 നം പ്രഖ്യാപിക്കും.കഴിഞ്ഞവർഷത്തെതിൽ നിന്ന് 11 ദിവസം മുമ്പാണ് ഇത്തവണത്തെ എസ് എസ് എൽ സി പരീക്ഷാഫലം വരുന്നത്.

സംസ്ഥാനത്താകെ 70 ക്യാമ്പുകളിലായി 10863 അധ്യാപകർ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുത്തു. ഏപ്രിൽ 3 മുതൽ 20 വരെ 14 ദിവസങ്ങളിലായി മൂല്യനിർണയം പൂർത്തിയാക്കി. ടാബുലെഷൻ,ഗ്രേസ് മാർക്ക് എൻട്രി എന്നിവ പരീക്ഷാഭവൻ പൂർത്തിയാക്കി ഫലപ്രഖ്യാപനത്തിന് തയ്യാറായിക്കൊണ്ടിരിക്കുകയാണ് എന്നും മന്ത്രി പറഞ്ഞു.നാല് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഒരുനൂറ്റിഅഞ്ച് (4,27,105) വിദ്യാർത്ഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷ എഴുതിയത്.

ഹയർസെക്കൻഡറി പരീക്ഷാ ഫലം കഴിഞ്ഞവർഷം മെയ് 25 നാണ് നടത്തിയത്. ഇത്തവണ നേരത്തെ നടത്താനായത് കൃത്യമായ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും ഫലമായാണ്. 4,41,120 വിദ്യാർത്ഥികളാണ് ഹയർ സെക്കണ്ടറി പരീക്ഷാഫലം കാത്തിരിക്കുന്നത്.

## ബാച്ചിലർ ഓഫ് ഡിസൈൻ (B.Des): അപേക്ഷ മേയ് 20 വരെ നീട്ടി

സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 2024-25 അധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) പ്രവേശനത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി മേയ് 20 വരെ നീട്ടി. അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിൻറെ പ്ലസ് ടു യോഗ്യതാ പരീക്ഷയിലോ, തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ 45% മാർക്കോടെ പാസ്സായിരിക്കണ ം. സംവരണ വിഭാഗക്കാർ ആകെ 40% മാർക്ക് നേടിയിരിക്കണ ം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ B.Des കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു.

അപേക്ഷാ ഫീസ് ഓൺലൈനായി ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2024 മേയ് 20_*

കൂടുതൽ വിവരങ്ങൾക്ക്

http://lbscentre.kerala.gov.in

## സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ CHSL ( കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ) പരീക്ഷക്ക് അപേക്ഷ ക്ഷണിച്ചു

കേന്ദ്ര സർവീസിൽ എൽഡി ക്ലാർക്ക് / ജൂനിയർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ ഗ്രേഡ് എ ഒഴിവുകളിൽ നിയമനത്തിന് സ്റ്റാഫ് സിലക്ഷൻ കമ്മിഷൻ (എസ്എസ്സി) അപേക്ഷ ക്ഷണിച്ചു. 3712 ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്.പ്ലസ്ടുക്കാർക്കാണ് അവസരം. 2024 മെയ് 7 നകം അപേക്ഷിക്കണം.പരീക്ഷ ജൂലൈ മാസത്തിൽ

പ്രായം: 2024 ഓഗസ്റ്റ് ഒന്നിനു 18–27 (ജനനം 1997 ഓഗസ്റ്റ് രണ്ട്– 2006 ഓഗസ്റ്റ് ഒന്ന്). സംവരണവിഭാഗങ്ങൾക്കും ഭിന്നശേഷിക്കാർക്കും വിമുക്തഭടർക്കും ഇളവുണ്ട്. ഭിന്നശേഷി സംവരണ നിബന്ധനകൾ വിജ്ഞാപനത്തിലുണ്ട്.

യോഗ്യത: 12ക്ലാസ് ജയം (2024 ഓഗസ്റ്റ് 1 അടിസ്ഥാനമാക്കും).

അപേക്ഷാഫീസ്: 100 രൂപ പട്ടികവിഭാഗ, ഭിന്നശേഷി, വിമുക്തഭട, വനിതാ അപേക്ഷകർക്കു ഫീസില്ല.

തിരഞ്ഞെടുപ്പ് രീതി: കംപ്യൂട്ടർ അധിഷ്ഠിത മൾട്ടിപ്പിൾ ചോയ്സ് പരീക്ഷ (രണ്ടു ഘട്ടമായി നടത്തുന്നു), സ്കിൽ ടെസ്റ്റ്/ടൈപ്പിങ് ടെസ്റ്റ് എന്നിവയുമുണ്ട്.പരീക്ഷയിൽ തെറ്റായ ഉത്തരങ്ങൾക്കു നെഗറ്റീവ് മാർക്കുണ്ടാകും.ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്കു നടത്തുന്ന 15 മിനിറ്റ് സ്കിൽ ടെസ്റ്റിൽ കംപ്യൂട്ടർ ഡേറ്റാ എൻട്രി വേഗം പരിശോധിക്കും.കംപ്യൂട്ടറിൽ മണിക്കൂറിൽ 8,000 കീ ഡിപ്രഷൻ വേഗം വേണം. എൽഡി

ക്ലാർക്ക് /ജൂനിയർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള 10 മിനിറ്റ് കംപ്യൂട്ടർ ടൈപ്പിങ് ടെസ്റ്റിൽ ഹിന്ദി ടൈപ്പിങ്ങിൽ മിനിറ്റിൽ 30 വാക്കും ഇംഗ്ലിഷ് ടൈപ്പിങ്ങിൽ മിനിറ്റിൽ 35 വാക്കും വേഗം വേണം.കൂടുതൽ വിവരങ്ങളും വിശദമായ സിലബസും വെബ്സൈറ്റിലെ വിജ്ഞാപനത്തിൽ.

കേരളത്തിലെ പരീക്ഷാകേന്ദ്രങ്ങൾ: തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്. ഏതെങ്കിലും ഒരു കേന്ദ്രം മാത്രം തിരഞ്ഞെടുക്കുക.

അപേക്ഷിക്കേണ്ട വിധം: https://ssc.gov.in എന്ന വെബ്സൈറ്റിലൂടെ രണ്ടു ഘട്ടമായി അപേക്ഷിക്കണം.ആദ്യഘട്ടം ഒറ്റത്തവണ റജിസ്ട്രേഷനാണ്. ഫോട്ടോയും ഒപ്പും അപ്‌ലോഡ് ചെയ്യണം. ഒറ്റത്തവണ റജിസ്ട്രേഷനു ശേഷം യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ചു ലോഗിൻ ചെയ്ത് SSC CHSL പരീക്ഷക്കുള്ള അപേക്ഷ സമർപ്പിക്കാം.

# OBC നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനുള്ള പ്രധാന മാർഗനിർദേശങ്ങൾ:

അപേക്ഷകരുടെ മാതാപിതാക്കൾ ഉദ്യോഗസ്ഥരാണെങ്കിൽ അവർ കേന്ദ്ര/സംസ്ഥാന സർക്കാർ സർവിസിൽ നേരിട്ട് പ്രവേശിച്ച പദവിയാണ് പരിഗണിക്കുക. ക്ലാസ് ഒന്ന്, രണ്ട്, ഗ്രൂപ് എ, ബി പദവികളിൽ നേരിട്ട് നിയമനം ലഭിച്ചവർ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടുന്നു.ക്ലാസ് രണ്ട്/ ഗ്രൂപ് ബിയിൽ നേരിട്ട് പ്രവേശിച്ച് 35ാം വയസ്സിലോ അതിന് മുമ്പോ ക്ലാസ് ഒന്ന്/ഗ്രൂപ് എയിലേക്ക് പ്രവേശിച്ചവരും ക്രീമിലെയർ പരിധിയിൽപെടുന്നു. എന്നാൽ, ക്ലാസ് മൂന്ന്/ ഗ്രൂപ് സിയിലോ ക്ലാസ് നാല്/ ഗ്രൂപ് ഡിയിലോ ജോലിയിൽ പ്രവേശിച്ച് 35ാം വയസ്സിലോ അതിന് മുമ്പോ ക്ലാസ് ഒന്ന്/ഗ്രൂപ് എയിലേക്ക് പ്രവേശിച്ചവർ ക്രീമിലെയർ പരിധിയിൽ ഉൾപ്പെടുന്നില്ല. ക്ലാസ് രണ്ട്/ ഗ്രൂപ് ബി പദവികളിലാണെങ്കിൽ മാതാപിതാക്കൾ രണ്ടുപേരും അപ്രകാരം നിയമിക്കപ്പെട്ടവരാകണം. മാതാപിതാക്കൾ രണ്ടു പേരും നേരിട്ട് ക്ലാസ് ഒന്ന്/ഗ്രൂപ് എ വിഭാഗത്തിൽ വരുകയും ഇവരിൽ രണ്ടുപേരും മരണപ്പെടുകയോ സർവിസിൽ തുടരാൻ പറ്റാതെ സ്ഥിര അംഗവൈകല്യം സംഭവിക്കുകയോ ചെയ്തവർ ക്രീമിലെയർ പരിധിയിൽ ഉൾപ്പെടില്ല.

ഒ.ബി.സി വിഭാഗത്തിൽ പെടുന്ന സ്ത്രീ ക്ലാസ് ഒന്ന് ഓഫിസറെ വിവാഹം കഴിച്ചാലും ക്രീമിലെയർ വിഭാഗത്തിൽ പെടില്ല.മുകളിൽ പറഞ്ഞ വിഭാഗത്തിൽപെട്ട ജീവനക്കാരോ, ജീവനക്കാരിൽ ഒരാളോ വിരമിച്ച ശേഷം മരിക്കുകയോ/സ്ഥിര അംഗവൈകല്യം സംഭവിക്കുകയോ ചെയ്താലും അവരുടെ മക്കൾ സംവരണ ആനുകൂല്യത്തിന് അർഹരല്ലാത്തവരും ക്രീമിലെയർ പരിധിയിൽ ഉൾപ്പെടുന്നവരുമാണ്.ക്രീമിലെയർ പരിധിയിൽപെടുന്നവർ സർവിസിൽനിന്ന് വിരമിച്ചാലും മരിച്ചാലും അവരുടെ മക്കൾ സംവരണത്തിന് അർഹരല്ലാത്തവരും ക്രീമിലെയർ വിഭാഗത്തിൽ തുടരുന്നവരുമായിരിക്കും.കൃഷിയിൽനിന്നുള്ള വരുമാനം ക്രീമിലെയർ പരിധിക്ക് പരിഗണിക്കില്ല. ഇവർക്ക് (കാപ്പി, റബർ, തേയില തോട്ടങ്ങൾ ഒഴികെ) കൈവശ ഭൂമിയുടെ വിസ്തൃതിയാണ് മാനദണ്ഡം.കർഷകർക്ക് സ്വന്തമായി അഞ്ച് ഹെക്ടറോ കൂടുതലോ ഭൂമിയുണ്ടെങ്കിൽ ക്രീമിലെയർ പരിധിയിൽ ഉൾപ്പെടും.

ഭൂപരിധി നിയമപ്രകാരമുള്ള വിസ്തൃതിയാണ് മാനദണ്ഡം. ശമ്പളം, കൃഷിയിൽ നിന്നുള്ള വരുമാനം ഇവ തമ്മിൽ കൂട്ടി എട്ട് ലക്ഷത്തിന് മുകളിൽ വരുമാനമുള്ളതായി കണ്ട് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നിഷേധിക്കാൻ പാടില്ല. അപേക്ഷകന്റെ മാതാപിതാക്കളുടെ ശമ്പള വരുമാനവും കാർഷിക വരുമാനവും വെവ്വേറെ എട്ട് ലക്ഷത്തിൽ അധികമായാലും മറ്റുതരത്തിലുള്ള (ബിസിനസ്, വാടക) വരുമാനം എട്ട് ലക്ഷത്തിൽ താഴെയായിരുന്നാൽ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതും അവർക്ക് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

വാർഷിക വരുമാനം കണക്കാക്കേണ്ടത് അഭിഭാഷകർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, സിനിമാ താരങ്ങൾ, കായിക താരങ്ങൾ, സാഹിത്യകാരന്മാർ, ബിസിനസ്, വ്യവസായ മേഖലകളിലുള്ളവർ, നഗരപരിധിക്കകത്ത് വസ്തുവും കെട്ടിടവും വഴി വരുമാനമുള്ളവർ എന്നിവരുടേതാണ്. അത്തരത്തിലുള്ള വരുമാനം തുടർച്ചയായ മൂന്ന് വർഷം ഉണ്ടായിരിക്കുകയും വേണം.സ്വന്തം സമുദായത്തിന്റെ കുലത്തൊഴിൽ ചെയ്ത് ജീവിക്കുന്ന പിന്നാക്ക ജാതിയിൽപെട്ട ഒരാൾ എത്ര വരുമാനം ഉള്ളയാളാണെങ്കിലും ക്രീമിലെയർ വിഭാഗത്തിൽപെടുന്നില്ല.പിന്നാക്ക വിഭാഗത്തിൽപെട്ടയാൾ നിരക്ഷരനാണെങ്കിൽ (നാലാം ക്ലാസ് പാസാകാത്തവർ) അയാളും ക്രീമിലെയർ വിഭാഗത്തിൽ വരില്ല.സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾ എന്ന പേരിൽ തയാറാക്കിയ എസ്.ഇ.ബി.സി പട്ടികയിൽപെട്ട സമുദായങ്ങൾക്കാണ് വിദ്യാഭ്യാസ മേഖലയിൽ സംവരണവും ആനുകൂല്യവും നൽകിവരുന്നത്.വിദ്യാഭ്യാസ സംവരണം അനുവദിക്കുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാ

ണ്; ക്രീമിലെയർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അല്ല. ഇതിന് വരുമാനം കണക്കാക്കുമ്പോ ശമ്പളം, കാർഷിക വരുമാനം എന്നിവ അടക്കമുള്ള വരുമാനങ്ങൾ കണക്കാക്കും. എന്നാൽ, സംസ്ഥാനത്തെ പ്രഫഷനൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് പിന്നാക്ക സമുദായ സംവരണത്തിന് ക്രീമിലെയർ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാൻ 2015 ജനുവരി ഒന്നിലെ സർക്കാർ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതുപ്രകാരം എസ്.ഇ.ബി.സി സമുദായങ്ങളിലെ ക്രീമിലെയർ (മേൽതട്ട്) വിഭാഗത്തിൽപെടുന്നവർ പ്രാഫഷനൽ ഡിഗ്രി കോഴ്സുകൾക്കുള്ള സംവരണത്തിന് അർഹരല്ല.

# 6 കോമേഴ്സ് പ്രൊഫഷണൽ കോഴ്സുകൾ

പ്ലസ് ടു അല്ലെങ്കിൽ ഡിഗ്രിയ്ക്ക് ശേഷം ഇനി എന്ത് എന്ന ആശയകുഴപ്പത്തിൽ ആണോ നിങ്ങൾ? മികച്ച നിലവാരം ഉള്ളതും ഉയർന്ന വരുമാനം ലഭിക്കുന്നതുമായ ചില കോഴ്സുകൾ പരിചയപ്പെടാം. നിങ്ങളുടെ അടുത്ത 40 – 50 വർഷത്തെ ഭാവി സുരക്ഷിതമാക്കാൻ സഹായിക്കുന്ന കോഴ്സുകൾ ആണ് കോമേഴ്സ് പ്രൊഫഷണൽ കോഴ്സുകൾ. മറ്റേത് മേഖലകളെക്കാളും അവസരങ്ങൾ ഈ കോഴ്സുകൾക്ക് ലഭ്യമാണ്. പുതിയ പഠനങ്ങൾ അനുസരിച്ച് ഇനി വരുന്ന വർഷങ്ങൾ കോമേഴ്സ് പ്രൊഫഷണലുകൾക്ക് ആണ് സാധ്യതകൾ എന്നാണ് പറയുന്നത്.

പ്ലസ് ടു അല്ലെങ്കിൽ ഡിഗ്രിയ്ക്ക് ശേഷം നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും മികച്ച ഇന്ത്യൻ – ഇന്റർനാഷണൽ പ്രൊഫെഷണൽ കോഴ്സുകൾ ആണ് CA, CMA – IND, CS, CMA USA, ACCA , CPA USA തുടങ്ങിയവ. CA, CMA IND, CS തുടങ്ങിയവ ഇന്ത്യൻ അക്കൗണ്ടിംഗ് പ്രൊഫഷണൽ ബോർഡ് നൽകുന്ന കോഴ്സുകളും CMA USA, ACCA , CPA USA എന്നിവ ഇന്റർനാഷണൽ അക്കൗണ്ടിംഗ് പ്രൊഫഷണൽ ബോർഡ് നൽകുന്ന കോഴ്സുകൾ ആണ്. ഇന്ത്യയിലും വിദേശത്തും ആയി നിരവധി തൊഴിലവസരങ്ങൾ ആണ് ഈ കോഴ്സ് പൂർത്തികരിക്കുന്ന വിദ്യാർത്ഥികളെ കാത്തിരിക്കുന്നത്. സാമ്പത്തിക – അക്കൗണ്ടിംഗ് രംഗത്ത് ഏതൊരു മേഖലയും കൈകാര്യം ചെയ്യുവാൻ സാധിക്കുന്നു.ഒരു കൊമേഴ്സ് പ്രൊഫഷണൽ ആകുന്നത് വഴി ഇവരെ കാത്തിരിക്കുന്ന തൊഴിലവസരങ്ങൾ എന്ന് പറയുന്നത് മാനേജ്മെന്റ് അക്കൗണ്ടന്റ്, ഫിനാൻഷ്യൽ അനലിസ്റ്റ് , കോസ്റ്റ് അക്കൗണ്ടന്റ്, ബജറ്റ് അനലിസ്റ്റ്, ഓഡിറ്റിംഗ്, ഫിനാൻഷ്യൽ കൺട്രോളർ, ഫിനാൻസ് അഡ്വൈസർ ,CEO, CFO തുടങ്ങിയവയാണ്.
കോഴ്സിന്റെ അടിസ്ഥാന വിവരങ്ങൾ

1. CA ( Chartered Accountancy)
Board - ICAI( Institute of Chartered Accountants of India)
Syllabus - 3 ലെവലുകളിൽ ആയി 20 പേപ്പറുകൾ
Duration - 4.5 - 5 വർഷം

2. CMA IND ( Cost And Management Accountant – IND)
Board - ICAI( Institute of Cost Accountants of India)
Syllabus - 3
ലെവലുകളിൽ ആയി 20 പേപ്പറുകൾ
Duration - ശരാശരി 4 വർഷം വരെ

3. CS (Company Secretary)
Board - ICSI( Institute of Company Secretaries of India)

Syllabus - 3 ലെവലുകളിൽ 18 പേപ്പറുകൾ DE/2554/2023-Q4
2239947/2024/FC DE
Duration - ശരാശരി 4 വർഷം വരെ

ഇവ മൂന്നും ഇന്ത്യൻ അക്കൗണ്ടിംഗ് പ്രൊഫഷനൽ കോഴ്സുകൾ ആണ്.
ഇന്ത്യയിൽ സ്വയം പ്രാക്ടീസ് ചെയ്യാൻ സാധിക്കുന്നു എന്നുള്ളതാണ് ഈ കോഴ്സുകളുടെ മറ്റൊരു പ്രത്യേകത.

4. CMA USA ( Certified Management Accountant  USA)
Board - IMA USA( Institute of Management Accountants USA)
Syllabus - ആകെ 2 പാർട്ട് മാത്രം
Duration - ശരാശരി 1 വർഷം വരെ

5. ACCA ( Association of Chartered Certified Accountant)
Board -ACCA UK( Association of C Certified Accountant  UK)
Syllabus- 13 പേപ്പറുകൾ മാത്രം
Duration - ശരാശരി 3 വർഷം വരെ

6.CPA USA ( Certified Public Accountant USA)
Board - AICPA( American Institute of Certified Public Accountant)
Syllabus - 4 പേപ്പറുകൾ മാത്രം
Duration - ശരാശരി 1 വർഷം വരെ

ഇവ മൂന്നും ഇൻ്റർനാഷണൽ കോഴ്സുകൾ ആണ്. ലോകത്ത് എവിടെയും ജോലി സാധ്യതകൾ നൽകുന്നവ, ഇന്ത്യയുൾപ്പെടെ ഒട്ടനവധി രാജ്യങ്ങളിൽ സാധ്യതകൾ ലഭിക്കുന്ന കോഴ്സുകൾ ആണ്. പ്രൈവറ്റ് കമ്പനികളിലും, MNC കളിലും നിരവധി സാധ്യതകൾ ലഭ്യമാണ്.ഡിഗ്രീ പൂർത്തീകരിച്ച വ്യക്തികളെക്കാൾ 40-50% വരെ വരുമാനം കൂടുതൽ ആയിരിക്കും ഒരു കൊമേഴ്സ് പ്രൊഫഷണൽനു ലഭിക്കുന്നത്. ഈ കോഴ്സുകളിലൂടെ സ്വപ്നതുല്യമായ ഒരു ഭാവി ലഭ്യമാകുന്നു. ഡിഗ്രീയോട് ഒപ്പവും പ്രൊഫഷണൽ കോഴ്സ് ചെയ്യാവുന്നതാണ്.

## എം.സി.എ പ്രവേശനം

സംസ്ഥാനത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2024-25 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (MCA Regular) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയിരിക്കണം. മാത്തമാറ്റിക്സ് ഒരു വിഷയമായി 10+2 തലത്തിലോ അഥവാ ബിരുദ തലത്തിലോ പഠിച്ചിട്ടുള്ളത് അഭികാമ്യം. മാത്തമാറ്റിക്സ്/ കമ്പ്യൂട്ടർ പഠിക്കാത്തവർ യൂണിവേഴ്സിറ്റി/കോളേജ് തലത്തിൽ നിർദ്ദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും.

തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കും. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം. www.lbscentre.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി മെയ് 03 മുതൽ ജൂൺ 2 വരെ അപേക്ഷാ ഫീസ് അടക്കാം. ഓൺലൈൻ അപേക്ഷ സമർപ്പണം 2024 ജൂൺ 3 വരെ. പൊതുവിഭാഗത്തിന് 1200 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ

ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ

2239947/2024/FC DE

അപേക്ഷാ ഫീസ് അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560327, 2560363, 2560364

# ജർമ്മനിയിലെ നഴ്സിംഗ് ജോലികൾ

കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ജർമ്മനിയിലെ നഴ്സിംഗ് പഠനവും ജോലിയും കാനഡയും യുകെയും ഓസ്ട്രേലിയയുമൊക്കെ പോലെ പുതു തലമുറയ്ക്ക് സുപരിചിതവും ജർമനി സെറ്റിൽ ചെയ്യാൻ പറ്റിയ ഇടം ആണെന്ന ഒരു പൊതുബോധവും ആയിട്ടുണ്ട്. സിനിമകളിലും ടിവി പരിപാടികളിലും അടക്കം ജർമ്മൻ ഭാഷാ പഠനവും ജർമ്മനിയിലെ നഴ്സിങ്ങും ഒക്കെ സ്ഥാനം പിടിച്ചു. ഈ അനുകൂല സാഹചര്യം മുതലെടുത്ത് റിക്രൂട്ടിംഗ് ഏജൻസികളും വിദ്യാഭ്യാസ കൺസൽടൻസികളും ഭാഷാ പഠന കേന്ദ്രങ്ങളും ഒക്കെ തഴച്ച് വളർന്നിട്ടുണ്ട്.

എക്കാലത്തും ഏറ്റവും സാധ്യതകൾ ഉള്ളതും ഏജന്റുമാരാൽ ഏറ്റവും വഞ്ചിക്കപ്പെടുന്നതുമായ ഒരു മേഖലയാണ് നഴ്സിംഗ് എന്നത്. ജർമ്മനിയുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്ഥമല്ല. നമ്മുടെ ഭാഷയുടെ പരിമിതി മൂലം അവിടത്തെ എല്ലാതരം നഴ്സിംഗ് റിലേറ്റഡ് സേവനങ്ങളും നമുക്ക് നഴ്സിംഗ് എന്ന ഒറ്റ വിഭാഗമാണ്. യുകെയിലെ കെയർ ഹോം പരിപാടി പോലോത്തതിനെ പോലും നഴ്സിംഗ് എന്നും പറഞ്ഞ് ആളുകളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുണ്ട്. ഇതറിയാതെ മിടുക്കരായ പലരും അബദ്ധത്തിൽ ചാടുന്നത് ഒഴിവാക്കാൻ ഈ വിഷയത്തിൽ ചെറിയൊരു കുറിപ്പിടാമെന്ന് വച്ചു.

ജർമ്മനിയിലെ നഴ്സിംഗ് ഫീൽഡിനെ പല വിഭാഗമായി തിരിക്കാം. നമുക്ക് ഏറ്റവും താഴെ ലെവലിൽ നിന്ന് തുടങ്ങാം.

(1) നഴ്സിംഗ് സഹായി: യുകെയിലെ കെയർ ഹോം ജോലിക്കാരുടെതിനു തുല്യമായ ജോലി. ഇതിനു സ്കൂൾ സർട്ടിഫിക്കറ്റും ബി-1 ലെവൽ ജർമ്മൻ പരിജ്ഞാനവും മതിയാകും. വയോധികരെയും കിടപ്പിലായവരെയും കുളിപ്പിക്കാനും ഭക്ഷണം കൊടുക്കാനും മറ്റും സഹായിക്കുക എന്നതാണ് ഇവരുടെ ജോലി.ഇവർ താൽകാലിക ജീവനക്കാർ മാത്രമായിരിക്കും അഥവാ അവരെ സ്റ്റാഫ് ആയി പരിഗണിക്കില്ല. മാസം ടാക്സ് കഴിഞ്ഞ് മാസം 1800 യൂറോ വരെ ഇതിനു സാലറി കിട്ടും. താൽകാലിക ജോലി ആയതിനാൽ ഈ ജോലിക്ക് നേരിട്ട് വിദേശത്ത് നിന്നും റിക്രൂട്ട് ചെയ്യാൻ പറ്റില്ല.

(2) കെയർഹോം നഴ്സ്: യുകെയിലെ കെയർഹോം ജീവനക്കർ ചെയ്യുന്നത് തന്നെയാണ് ഇവരുടെയും ജോലി. വേണേൽ അതിന്റെ കുറച്ചൂടെ വെടിപ്പായി ഓർഗ്ഗനൈസ് ചെയ്ത രൂപം എന്ന് പറയാം. ചെയ്യുന്ന ജോലി മുകളിൽ പറഞ്ഞതിലേത് തന്നെ ആണെങ്കിലും ഈ വകുപ്പിൽ പെടുന്നവരെ സ്റ്റാഫ് ആയിട്ടാണ് പരിഗണിക്കുക. അവർക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളും സ്റ്റാഫ് ആയ വകയിൽ കൂടുതൽ അവകാശങ്ങളും കാണും. നാട്ടിലെ ഒരാൾക്ക് പ്ലസ്ടു കഴിഞ്ഞ് ബി-2 (ചില കേസിൽ ബി1 മതിയാവും) ലെവൽ ജർമ്മനും ഉണ്ടെങ്കിൽ ജർമ്മനിയിലെത്തി ഒരു വർഷത്തെ നഴ്സിംഗ് വൊക്കേഷനൽ ട്രെയിനിംഗ് ചെയ്ത് ഇതിലേക്ക് കയറാം.

തകൃതിയായി നാട്ടിൽ നിന്നും റിക്രൂട്ടിംഗ് നടക്കുന്ന ഒരു ഫീൽഡാണിത്. ഒരു വർഷ ട്രെയിനിങ്ങിന്റെ സമയത്ത് മാസം സ്റ്റൈപന്റായി 1300 യൂറോ വരെയും ജോലിക്ക് കയറിയാൽ ആദ്യ വർഷം സാലറിയായി ടാക്സ് കഴിഞ്ഞ് മാസംഏകദേശം 1800 രൂപ വരെയും പ്രതീക്ഷിക്കാം. കിട്ടുന്ന സാലറിയും ചെയ്യുന്ന ജോലിയും വലിയ അട്രാക്റ്റീവ് ഒന്നും അല്ല എങ്കിലും വർഷാവർഷം സാലറി ഇൻക്രിമന്റ് ഒക്കെ കാണും. ഗൂഗിളിൽ 1 വർഷ Ausbildung പരതിയാൽ ഇതേക്കുറിച്ച് കൂടുതൽ അറിയാൻ സാധിക്കും. കെയർ ഹോം അല്ലാതെ മറ്റ് വിഭാഗങ്ങളിലും ഒരുവർഷ Ausbildung ഉണ്ട്. പക്ഷെ ഒരുവർഷത്തെ കോഴ്സിനു വലിയ സാധ്യതകൾ ഇല്ല.

(3) നഴ്സിംഗ് അസിസ്റ്റന്റ്: ഇതിനു വേണ്ടത് മൂന്നു വർഷത്തെ നഴ്സിംഗ് വൊക്കേഷനൽ ട്രെയിനിംഗ് കോഴ്സാണ്. രണ്ടാമത് പറഞ്ഞതിന്റെ കൂടെ അൽപം കൂടുതൽ കാര്യങ്ങൾ പഠിക്കും. കെയർ ഹോമിൽ അല്ല ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് ജോലികൾക്ക് കയറാം എന്നതാണ് ഇതിന്റെ ആകർഷണീയത. എന്നുവച്ച് സൂചിവെപ്പ്

മുറിവ് തുന്നലും തിയറ്റർ സേവനവും ഒന്നും ഇവർക്ക് ചെയ്യാൻ പറ്റില്ല. പഠനകലത്ത് മാസം 1300-1700 യൂറോ സ്റ്റൈപന്റും. പഠനം കഴിഞ്ഞ് ആശുപത്രി സ്റ്റാഫ് ആയി ജോലിക്ക് കയറിയാൽ 3000 വരെ ശംബളവും പ്രതീക്ഷിക്കാം. 3 വർഷ Ausbildung ളുഗിൾ ചെയ്താൽ ഇതേക്കുറിച്ച് കൂടുതൽ അറിയാൻ സാധിക്കും.

രണ്ടാമത്തെ കേസിലെ പോലെ തന്നെ പ്ലസ്ടുവും ജർമ്മൻ ബി-2 (ചില കേസിൽ ബി-1 മതിയാവും)വും ആണ് ഇതിനുള്ള മിനിമം യോഗ്യത. നമ്മുടെ നാട്ടിൽ നിന്നും നഴ്സിംഗ് ഫീൽഡിലേക്ക് ഏറ്റവും കൂടുതൽ പേർ വരുന്നത് ഈ കോഴ്സിനാണ്. പഠനവും രണ്ടോ മൂന്നോ വർഷത്തെ ആശുപത്രി സേവനവും കഴിഞ്ഞാൽ ചില പരീക്ഷകളും കോഴ്സും ചെയ്ത് രണ്ടാം വർഷ മെഡിക്കൽ കോഴ്സിനു ചേരാൻ യോഗ്യത നേടാം (യോഗ്യത എന്ന് പറഞ്ഞാൽ സീറ്റ് അല്ല) എന്നതും ഇതിന്റെ ഹൈലൈറ്റ് ആണ്.

(4) സ്പെഷ്യലിസ്റ്റ് നഴ്സിംഗ് അസിസ്റ്റന്റ്: മുകളിൽ പറഞ്ഞ മൂന്നു വർഷ Ausbildung നു പുറമെ Weiterbildung കോഴ്സ് ചെയ്തവർ ആണിവർ. ഇത് നേരിട്ട് വന്ന് ചെയ്യാവുന്ന ഒരു കോഴ്സല്ല. ഇതിനു നേരെ മുകളിൽ വിവരിച്ച (മൂന്നാമത്തെ) വിഭാഗത്തിൽ പറഞ്ഞ മൂന്ന് വർഷത്തെ നഴ്സിംഗ് ഔസ്ബിൽഡുങ്ങ് ചെയ്ത ആളുകൾക്ക് ഏതെങ്കിലും ഫീൽഡിൽ പ്രാവീണ്യം നേടാനുള്ള തുടർ പഠനം (പിജിഡിപ്ലോമ പോലെ) ആണിത്. ചുമ്മാ ഒരു അസിസ്റ്റന്റായി നിക്കാതെ മൂത്താശാരി ആവാൻ ഇതാവശ്യമാണ്. ഇത് പൊതുവെ ഒന്നോ രണ്ടോ വർഷത്തെ കോഴ്സ് ആണ്. പീഡിയാട്രിക്, ജനറൽ സർജ്ജറി, എമർജൻസി കെയർ, ഗൈനക്കോളജി, അനസ്തേഷ്യ, തുടങ്ങി ഏതിലെങ്കിലും ഫീൽഡിൽ നഴ്സിംഗ് ഡിഗ്രിക്കാരുടെ ലെവലിൽ അഥവാ അത്യാവശ്യം കത്തീം സൂചീം കത്രികേം ഒക്കെ കൈകാര്യം ചെയ്യാൻ അനുവാദമുള്ള ലെവലിൽ എത്താനാണ് ഈ കോഴ്സ് ചെയ്യുന്നത്. പഠനകാലത്തെ സ്റ്റൈപന്റും കഴിഞ്ഞാൽ ജോലി സാധ്യതയും ജോബ് ലെവലും സാലറിയും ഒക്കെ ഇതിനു കൂടുതൽ ആയിരിക്കും.

(5) സ്പെഷ്യലിസ്റ്റ് നഴ്സിംഗ് സ്റ്റാഫ് (നാട്ടിലെ നഴ്സിംഗ് ഡിഗ്രി കഴിഞ്ഞ ശേഷം തുല്യതാ ടെസ്റ്റ് എഴുതിയവർ): ഇത് നമ്മുടെ നാട്ടിലെ നഴ്സിംഗ് ജോലിക്ക് തുല്യം എന്ന് പറയാം. നാട്ടിൽ നിന്നും നലുവർഷത്തെ അംഗീകൃത നഴ്സിംഗ് ഡിഗ്രിയും ബി2 ലെവൽ ജർമ്മനും ഉണ്ടെങ്കിൽ ഇതിലേക്കുള്ള ഈക്വിവാലൻസി ടെസ്റ്റിനുള്ള യോഗ്യതയായി. ഏതെങ്കിലും ആശുപത്രി നിങ്ങളെ ഹോസ്റ്റ് ചെയ്ത് ഒരു വർഷത്തെ തിയറി + പ്രാക്ടിക്കൽ പരിശീലനവും സർക്കാർ ഏജൻസികളുടെ ഒപ്പം ചേർന്ന് പ്രാക്ടിക്കൽ & തിയറി പരീക്ഷകളും നടത്തി ജർമ്മനിയിലെ നഴ്സിംഗ് ഡിഗ്രിക്ക് തത്തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കും. ട്രെയിനിംഗ് സമയത്ത് മാസം ടാക്സ് കഴിഞ്ഞ് 2000 യൂറോ വരെ ലഭിക്കും. സർട്ടിഫിക്കറ്റ് ലഭിച്ചാൽ പിന്നെ നിങ്ങളെ ട്രയിൻ ചെയ്ത ആശുപത്രിയിൽ തന്നെ തുടരണം എന്ന് ഒരു നിർബന്ധവും ഇല്ല. കൂടുതൽ സാലറി വേറെ ആരെങ്കിലും തന്നാൽ അങ്ങോട്ട് മാറുന്നതിന് ഒരു തടസ്സവും പൊതുവേ ഇല്ല. മികച്ച സാലറിയും മറ്റു പല ആനുകൂല്യങ്ങളും തൊഴിലിടത്ത് കിട്ടുന്ന ആദരവും ഒക്കെ ഇതിനെ മുകളിൽ പറഞ്ഞവയിൽ നിന്നും ഇതിനെ വ്യത്യസ്ഥമാക്കുന്നു.

(6) സ്പെഷ്യലിസ്റ്റ് നഴ്സിംഗ് സ്റ്റാഫ് (ജർമനിയിൽ നഴ്സിങ് ഡിഗ്രി കോഴ്സ് ചെയ്തവർ): ജോലി നേരെ മുകളിൽ പറഞ്ഞത് തന്നെ, വീണ്ടും എഴുതിയത് ഇതിലേക്ക് എത്തുന്ന രീതി വ്യത്യസ്തമയത് കൊണ്ടാണ്. ഇത് നമ്മുടെ നാട്ടിലേത് പോലെയുള്ള സാധരണ നാലു വർഷ നഴ്സിംഗ് ഡിഗ്രിയാണ്. അഡ്മിഷൻ കിട്ടാൻ ഏറ്റവും ബുദ്ധിമുട്ടുള്ളത് ഇതാണ്. അതിന്റെ നിലയും വിലയും സാലറിയും ഒക്കെ കാണുകയും ചെയ്യും. ഉയർന്ന സാലറിയും മറ്റാനുകൂല്യങ്ങളും ചലഞ്ചിംഗ് ടാസ്കുകളും ഒക്കെയായി ഒരു പൂർണ്ണ നഴ്സ് ആവാനാണ് ആഗ്രഹം എങ്കിൽ പ്ലസ്ടുകഴിഞ്ഞ് വരേണ്ടത് ഈ കോഴ്സിനാണ്.

ഈ പറഞ്ഞവയിൽ ഈ കോഴ്സിനു മാത്രമേ എല്ലായിടത്തും സ്വീകാര്യതയുള്ളൂ. ബാക്കി പറഞ്ഞതിന് ജർമ്മനിക്കും ഓസ്ട്രിയക്കും സ്വിറ്റ്സർലന്റിനും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളിലും അല്ലാത് സ്വീകാര്യതയില്ല. കാരണം അവ ജർമ്മനിക്ക് വേണ്ടി മാത്രമായി നടത്തുന്ന ട്രെയിനിംഗ് മാത്രമാണ്.

ബി-2 ലെവൽ ജർമ്മനും ഇവിടത്തെ പതിമൂന്നാം ക്ലാസ് തുല്യതാ പരീക്ഷയും ഒക്കെ കഴിഞ്ഞ് അഡ്മിഷൻ കിട്ടണം. ഇതിനു ജർമ്മനിയിൽ അധികം സീറ്റുകൾ ഇല്ല എന്നതിനാൽ ജർമ്മൻ പഠിപ്പിച്ച് ടെസ്റ്റും പസാക്കി ഈ കോഴ്സിനു കയറ്റി തരും എന്നും പറഞ്ഞ് പ്ലസ്ടുകഴിഞ്ഞ പിള്ളാരെ കൊണ്ടുവരുന്ന ഏജന്റുമാരെ പൂർണ്ണമായി നമ്പരുത്.

ഒരു കാര്യം കൂടി, മേൽ പറഞ്ഞ 3,4,5,6 വിഭാഗത്തിൽ പെട്ടവർക്ക് കോഴ്സ് കഴിഞ്ഞ് സർട്ടിഫിക്കറ്റ് കിട്ടി ഏതാനും വർഷത്തെ (2 വർഷം മുതൽ) ജോലി പരിചയവും ഉണ്ടെങ്കിൽ നാട്ടിൽ എഞ്ചിനീയറിങ്ങിനു ലാറ്ററൽ എൻട്രി

നടത്തുന്ന പോലെ ഇവിടത്തെ മെഡിക്കൽ കോഴ്സിനു കയറാൻ പറ്റും. അധിക പരീക്ഷകളും മറ്റു നിബന്ധനകളും കാണും.

പോസ്റ്റ് അപൂർണ്ണമാണ്. അതിലുപരി പോസ്റ്റിന്റെ നീളം കുറയ്ക്കാൻ വേണ്ടി പരമാവധി ചുരുക്കിയും മലയാളീകരിച്ചും എഴുതിയതിനാൽ ഈ പോസ്റ്റിൽ കുറച് അബദ്ധങ്ങൾ ഒക്കെ കാണാം. ഹവ്വെവർ, മൊത്തത്തിൽ ഒരു ഓവർവ്യൂ ലഭിക്കാൻ ഇത് മതിയാവും. ഈ വിഷയത്തിൽ കൂടുതൽ സംശയങ്ങൾ ഉണ്ടെങ്കിൽ ദയവായി എന്നോട് ചോദിക്കരുത് കാരണം ഇതെന്റെ മേഖലയല്ല. എനിക്ക് ഒരു ഏജൻസിയെയും പരിചയവും ഇല്ല.

# List of Important Days and Dates in May 2024

**1 May: International Labour Day or May Day**

International Labour Day is also known as Labour Day or May Day. It is celebrated globally every year on the 1st of May. In India, Labour Day is referred to as Antarrashtriya Shramik Diwas or Kamgar Din. What is the history behind celebrating this day etc. given in the link provided?

**1 May: Maharashtra Day**

It is also known as Maharashtra Diwas in Marathi. It is a state holiday in Maharashtra. The state of Maharashtra was formed from the division of the Bombay State on 1 May 1960.

**1 May: Gujarat Day**

It is a state holiday in Gujarat. The state of Gujarat was formed on 1 May 1960.

**2 May- World Tuna Day**

It is observed on 2 May and is established by the United Nations (UN) to raise awareness about the importance of tuna fish.

**3 May - Press Freedom Day**

Every year Press Freedom Day or World Press Freedom Day is observed on 3rd May to evaluate press freedom around the world and to pay tribute to journalists who have lost their lives in the exercise of their profession.

**4 May – Coal Miners Day**

Every year on May 4, Coal Miners Day is observed to honour the coal miners. Let us tell you that Coal mining is done to extract coal from the ground. Coal Mining is one of India's most dangerous professions. Coal Miners are the men who know that they may not return home after work when the day is over. Then, also they walk in the coal mines and earn their daily wages.

**4 May - International Firefighter’s Day**

International Firefighter’s Day is observed every year on 4 May. It was instituted on January 4, 1999, after a proposal via email out across the world due to the deaths of five firefighters in a bushfire in Australia. Therefore, this day is observed to recognise and honour the sacrifices that firefighters make to ensure that their communities and environment are as safe as possible.

**5 May - World Laughter Day (first Sunday of May)**

World Laughter Day is celebrated on the first Sunday of May every year. In 1998, the first celebration took place in Mumbai, India. It was arranged by Dr Madan Kataria founder of the worldwide Laughter Yoga movement.

**6 May - International No Diet Day**

DE/2551/2023-O4
2239947/2024/FC DE

It is observed on May 6 annually. It is a celebration of body acceptance, including fat acceptance and body shape diversity.

**7 May - World Athletics Day**

World Athletics Day is observed on 7 May to raise awareness about sports among youth, in schools and institutions to promote athletics as the primary sport. And to introduce new talent and youngsters in the field of athletics.

**7 May - World Asthma Day (First Tuesday of May)**

World Asthma Day is observed every year on the first Tuesday of May to spread awareness and care about asthma in the world. An annual event is organised by the Global Initiative for Asthma. Asthma is a chronic inflammation of bronchitis causing cough, breathlessness, chest tightness etc.

**8 May - World Red Cross Day**

World Red Cross Day is observed every year on 8 May to commemorate the birth anniversary of the founder of the Red Cross. Let us tell you that the founder of the Red Cross was Henry Dunant as well as the founder of the International Committee of the Red Cross (ICRC). He was born in Geneva in 1828. He became the first recipient of the 1st Nobel Peace Prize.

**8 May - World Thalassaemia Day**

World Thalassaemia Day or International Thalassaemia Day is observed every year on 8 May in honour of all patients suffering from Thalassaemia and for their parents who have never lost hope for life, despite the burden of their disease. This day also encourages those who struggle to live with the disease.

**9 May – Rabindranath Tagore Jayanti**

As per drikpanchang, the  25th day of Boishakhcurrently overlaps with either the 8th May or 9th May on the Gregorian calendar. As per the Gregorian calendar, it is observed on May 7 May in other states. He was born on 7 May 1861 in Kolkata. He was one of India's top artists, novelists, authors, Bengali poets, humanists, philosophers etc. In 1913, he was honoured with Nobel Prize in Literature.

**9 May- Maharana Pratap Jayanti**

The occasion of Maharana Pratap Jayanti honours the illustrious and valiant rule of Chittor's first birthday. He was a legendary warrior, the pride of Rajasthan, and a force to be feared. He was Rana Udai Singh II, the Mewar king,'s son.

**10 May- World Lupus Day**

Every year on May 10, people worldwide observe World Lupus Day. Its purpose was to make us more aware of the fact that the seemingly unrelated symptoms are actually signs of a chronic, crippling autoimmune disease.

**11 May - National Technology Day**

Every year National Technology Day is observed on 11 May to highlight the important role of Science in our daily lives and encourage students to opt for science as an option for a career. On this day Shakti, the Pokhran nuclear test was held on 11 May 1998.

**12 May - International Nurses Day**

Every year International Nurses Day is celebrated on 12 May to commemorate the anniversary of Florence Nightingale's birthday. This day also celebrates the contribution done by nurses to society around the world. On this day the International Council of Nurses organisation produces an International Nurses kit to educate and assist health workers globally with a different theme every year.

**12 May - Mother's Day (Second Sunday of May)**

Mother's Day is celebrated every year on the second Sunday of May to honour motherhood and is observed in different forms throughout the world. Mother's Day was founded by Anna Jarvis who had given the idea of celebrating Mother's Day in honour of mothers and motherhood in 1907. Nationally this day was recognised in 1914.

**15 May – International Day of Families**

International Day of Families is observed every year on 15 May. Family is the basic unit of society. This day provides an opportunity to raise awareness about the issues related to families and to increase knowledge about the social, economic and demographic processes that affect them.

**16 May- National Dengue Day**

The day is observed (16 May) with the recommendation of the Ministry of Health and Family Welfare, Government of India. Dengue is prevalent across the country. This year due to the COVID-19 pandemic lockdown, awareness campaigns, rallies, etc. regarding Dengue is not organised in the country but can be spread through online.

**16 May- International Day of Light**

Every year on May 16, people around the world observe the International Day of Light. The day honours the date of physicist and engineer Theodore Maiman's first productive laser operation in 1960. UNESCO's International Basic Science Programme (I.B.S.P.) coordinates the day's celebration on behalf of the United Nations.

**17 May – World Telecommunication Day**

World Telecommunication Day is observed every year on 17 May. It marks the founding of ITU when the first International Telegraph Convention was signed in Paris on 17 May 1865. It is also known as World Telecommunication and International Society Day. Since 1969, it has been celebrated annually.

**17 May - World Hypertension Day**

This day is celebrated by World Hypertension League (WHL) on 17 May annually. The day promotes awareness about hypertension and encourages people to prevent and control this silent killer epidemic.

**17 May - National Endangered Species Day (Third Friday in May)**

Every year on the third Friday in May National Endangered Species Day is celebrated annually to raise awareness about the importance of wildlife conservation and restoration efforts for all imperilled species. Endangered Species Act 1973, focuses on the protection of wildlife and threatened species.

**18 May – World AIDS Vaccine Day**

Worlds AIDS Vaccine Day or HIV Vaccine Awareness Day is observed every year on 18 May. This

day marks the efforts of thousands of researchers, scientists, and health professionals who have contributed to the process of finding safe and effective AIDS medicine. It is also an opportunity to educate communities about the importance of preventive HIV vaccine research.

**18 May - International Museum Day**

International Museum Day is observed on 18 May every year to raise awareness about the museum and its role in society. The International Council of Museums (ICOM) created International Museum Day in 1977. The organisation suggested a proper theme every year which may include globalisation, bridging cultural gaps and care for the environment.

**18 May – Armed Forces Day (Third Saturday of the May)**

Armed Forces Day is celebrated on the third Saturday of every May. This day is celebrated to pay tribute to the men and women who served in the United States Armed Forces.

**21 May – National Anti-Terrorism Day**

National Anti-Terrorism Day is observed every year on 21 May to spread awareness about the violence caused by terrorists and also in memory of former Indian PM Rajiv Gandhi who passed on this day.

**22 May - International Day for Biological Diversity**

International Day for Biological Diversity is observed on 22 May every year to increase awareness and understanding of the issues of biodiversity.

**23 May - Buddha Jayanti or Buddha Purnima**

It is believed that on the full moon of the month of Vaishakh, Gautama Buddha was born in Lumbini near Kapilavastu. He is also known as 'Jyoti Punj of Asia' or 'Light of Asia'. This year, Buddha Jayanti or Buddha Purnima is celebrated on 23 May.

**May 23 - World Turtle Day**

It is observed annually on May 23 to spread awareness regarding protecting turtles and tortoises and also their disappearing habitats across the world. The day promises a better future where humans and turtles can coexist peacefully.

**May 24- National Brother's Day**

Brother's Day is an unofficial holiday celebrated mostly in the US on May 24. The day was founded to celebrate the marvellous relationship between brothers and sisters.

**May 25- Africa Day**

An annual celebration of African independence, sovereign rule, and identity is known as African Liberation Day or Africa Day. The day serves as the founding day of the Organisation of African Unity on May 25, 1963. In 1958, Accra, Ghana's capital, hosted the first commemoration of African Liberation Day.

**27 May - National Memorial Day (last Monday of May)**

Memorial Day is observed every year on the last Monday of May. This year it falls on May 29. The day honours and remembers the fallen American Military personnel.

**30 May- Goa Statehood Day**

Goa, a beautiful state on the west coast of India is celebrating its 36th Statehood this year. In 1976, the Goa Assembly issued a resolution seeking complete statehood; it was later recognised on May 30, 1987.

**30 May- Hindi Journalism Day**

The first newspaper in the Hindi language, Udant Martand was published on May 30. Pandit Jugal Kishore Shukla started it as a weekly newspaper from Calcutta on 30 May 1826.

**31 May – Anti-Tobacco Day**

Anti-Tobacco Day or World No Tobacco Day is observed on 31 May every year across the globe to make people aware and educate them about the harmful effects of tobacco on health which causes cardiovascular diseases, cancer, tooth decay, staining of teeth etc